بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Khulasa 30.12.16 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

*30.12.16 ന് ബൈത്തുൽ ഫുത്തൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം*

**പുതുവർഷത്തിന്റെ ആരംഭത്തിൽ ഇങ്ങനെ ദുആ ചെയ്യുക; അല്ലാഹു നമ്മുടെ വീഴ്ചകളും കുറവുകളും മാപ്പാക്കുമാറാകട്ടെ. പുതുവർഷത്തിൽ നമുക്ക് ഏറ്റവും കൂടുതൽ പ്രാപിക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. നമ്മൾ നഷ്ടപ്പെടുത്തുന്നവരാകാതിരിക്കട്ടെ. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനുവേണ്ടി തങ്ങളുടേതായതെല്ലാം ത്യാഗം ചെയ്യാൻ തയ്യാറായിരിക്കുന്ന മുഅ്മിനീംകളിൽ ഉൾപ്പെടുന്നവരാകട്ടെ.**

തശഹ്ഹുദും തഅവ്വുദും സൂറ ഫാതിഹയും ഓതിയ തിനു ശേഷം അമീറുൽമുഅ്മിനീൻ അയ്യദഹുല്ലാഹുത്തആലാ ബിനസ്രിഹിൽ അസീസ് പറഞ്ഞു:

രണ്ടു ദിവസത്തിനുശേഷം ഇൻശാ അല്ലാഹ് പുതിയ വർഷം ആരംഭിക്കുകയാണ്. മുസ്ലീംകളായ നമുക്ക് ചന്ദ്രവർഷ പ്രകാരവും വർഷം ആരംഭിക്കാറുണ്ട്; സൂര്യവർഷ പ്രകാരവും. ഈ ചന്ദ്ര വർഷം കേവലം മുസ് ലീംകളിൽ മാത്രമല്ല. മറിച്ച് ഒരു പാട് ജനതകളിൽ പഴയകാലത്ത് നടപ്പിലുണ്ടായിരുന്നതാണ്. അവർ ചന്ദ്രവർഷ പ്രകാരംതന്നെയായിരുന്നു വർഷം ആരംഭിച്ചിരുന്നത്. ചൈനൻ ജനതകളിലും ഹിന്ദുക്കളിലും മറ്റു ജനതകളിലും ഇത് നിലനിന്നിരുന്നു. ധാരാളം മതങ്ങളിൽ ഇതുണ്ടായിരുന്നു. ഇസ്ലാമിനെ മുമ്പേ അറബികളിലും ദിവസങ്ങൾ കണക്കാക്കുന്നതിന് ചന്ദ്രവർഷ കലണ്ടർ തന്നെയാണ് ഉണ്ടായിരുന്നത്. എന്തായാലും ലോകത്ത് പൊതുവെ ഈ ഗ്രേഗോറിയൻ കലണ്ടർ(Gregorian calendar) തന്നെയാണ് നടപ്പിലുള്ളത്. എല്ലാവരും അത് മനസ്സിലാക്കുകയും ചെയ്യുന്നു. അതുകൊണ്ട് എല്ലാ ജനതയും എല്ലാ രാജ്യവും ഈ കലണ്ടറിനെ തങ്ങളുടെ ദിവസവും മാസവും കണക്കാക്കുന്നതിന് സ്വീകരിച്ചിരിക്കുകയാണ്. ഇക്കാരണത്താൽ ലോകത്ത് എല്ലാ വർഷവും എല്ലായിടത്തും ഈ കണക്കനുസരിച്ച് ജനുവരി ഒന്നുമുതൽ വർഷം ആരംഭിക്കുകയും ഡിസംബർ 31 ന് അവസാനിക്കുകയും ചെയ്യുന്നു. എന്തായാലും വർഷം വരുന്നു. 12 മാസം കഴിയുകയും കടന്നുപോകുകയും ചെയ്യുന്നു. അത് ഹിജ്രി മാസങ്ങളുടെ വർഷമായാലും വേണ്ടില്ല. നടപ്പിലുള്ള ഗ്രേഗോറിയൻ കലണ്ടറിന്റെ വർഷമാണെങ്കിലും വേണ്ടില്ല. പക്ഷേ, ഭൗതികർ ദിവസങ്ങളേയും മാസങ്ങളേയും വർഷങ്ങളേയും ഭൗതികമായ ശബ്ദകോലാഹലത്തിലും ബഹളത്തിലും ഭൗതികമായ സമാധാന പ്രവർത്തനങ്ങളിലും കടത്തിയിരിക്കുകയാണ്. അവർ മുസ്ലീംകളിൽനിന്നുള്ളവരാണെങ്കിലും വേണ്ടില്ല. അമുസ്ലീംകളിൽനിന്നുള്ളവരാണെങ്കിലും വേണ്ടില്ല. ജനുവരി ഒന്നിന് പുതുവർഷം തുടങ്ങുമ്പോൾ ഭൗതികരായവർ എന്തൊന്നാണ് ചെയ്യാത്തത്. പാശ്ചാത്യ രാജ്യങ്ങളിൽ അല്ലെങ്കിൽ വികസിത രാജ്യങ്ങളിൽ അല്ലെങ്കിൽ പ്രത്യേകിച്ചും മറ്റു രാജ്യങ്ങളിലും ഡിസംബർ 31 നും ജനുവരി 1 നും ഇടയ്ക്കുള്ള രാത്രി എന്തൊരു കോലാഹലമാണ് ഉണ്ടാകാത്തത്. അർദ്ധരാത്രിവരെ പ്രത്യേകമായ നിലയിൽ ഉറക്കമിളച്ചിരിക്കുന്നു. എന്നല്ല ഒച്ചയുണ്ടാക്കുന്നതിനും ബഹളമുണ്ടാക്കുന്നതിനും മദ്യപിച്ച് മദിക്കുന്നതിനും പാട്ടും ഡാൻസിനും വേണ്ടിമാത്രം മുഴുവൻ രാത്രിയും ഉറങ്ങാതിരിക്കുന്നു. കഴിഞ്ഞ വർഷത്തിന്റെ അവസാനവും അസാന്മാർഗിക പ്രവൃത്തികളോടും സഭ്യേതരമായ കർമങ്ങളോടും കൂടിയാണ് പുതുവർഷത്തിന്റെ ആരംഭമുണ്ടായത്. ലോകത്തിലെ ഭൂരിപക്ഷത്തിന്റേയും ആത്മീയ കണ്ണ് അന്ധമായി കഴിഞ്ഞിരിക്കുകയാണ്. അതുകൊണ്ട് മുഅ്മിന്റെ ദൃഷ്ടി എത്തുന്നിടംവരെ അവരുടെ ദൃഷ്ടികൾ എത്തുക സാധ്യമല്ല. ഒരു മുഅ്മിന്റെ പ്രൗഢി എന്നത് ആ അസാന്മാർഗിക പ്രവൃത്തികളിൽനിന്ന് രക്ഷപ്പെടുകയും പരിഭ്രമിക്കുകയും ചെയ്യുക എന്നതുമാത്രമല്ല പ്രത്യുത തന്റെ ജീവിതത്തിൽ ഒരു വർഷം വരികയും കടന്നുപോകുകയും ചെയ്തിട്ട് അതെന്താണ് തനിക്ക് നല്കിപ്പോയതെന്നും എന്തുംകൊണ്ടാണ് പോയതെന്നും ആത്മ പരിശോധനനടത്തുകയും ചിന്തിക്കുകയും ചെയ്യുന്നു. നമ്മൾ ഈ വർഷം എന്താണ് നഷ്ടപ്പെടുത്തിയത്. എന്താണ് നേടിയത്. ഒരു മുഅ്മിൻ ഭൗതികാടിസ്ഥാനത്തിൽ, ഈ വർഷം എന്ത് കളഞ്ഞു, എന്തു നേടി, ഭൗതികമായ നിലയിൽ എന്തു മെച്ചമുണ്ടാക്കി എന്നാണോ നോക്കേണ്ടത് അതോ ആത്മീയാടിസ്ഥാനത്തിൽ എന്ത് കളഞ്ഞു, എന്തു നേടി ഭൗതികമായ നിലയിൽ എന്തു മെച്ചമുണ്ടാക്കി എന്നാണോ നോക്കേണ്ടത്. എന്തുകളയുകയും എന്തുനേടുകയും ചെയ്തുവെന്ന് ഏതു നിലവാരത്തിൽവച്ചുകൊണ്ടാണ് നോക്കേണ്ടത്.

ഹദ്റത്ത് മസീഹ് മൗഊദിനേയും മഹ്ദി മൗഹൂദിനേയും വിശ്വസിക്കാൻ തൗഫീഖ് പ്രദാനം ചെയ്യപ്പെട്ടിരിക്കുന്ന അഹ്മദികളായ നമ്മൾ ഭാഗ്യവാന്മാരാണ്. ആ മഹാത്മാവ് നമ്മുടെ മുമ്പിൽ അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും അധ്യാപനത്തിന്റെ സത്ത് അല്ലെങ്കിൽ ചുരുക്കം എടുത്തുവച്ചുതന്നു. നിങ്ങൾ ഈ നിലവാരം മുന്നിൽ വെച്ചാൽ നിങ്ങൾ നിങ്ങളുടെ ജീവിതോദ്ദേശ്യം പൂർത്തിയാക്കിയോ അല്ലെങ്കിൽ പൂർത്തിയാക്കാൻ ശ്രമിച്ചുവോ ഇല്ലേ എന്ന് നിങ്ങൾക്ക് മനസ്സിലാകുന്നതാണെന്ന് അവിടന്ന് നമ്മളോടു പറഞ്ഞു. ഈ നിലവാരം മുന്നിൽ വെക്കുകയാണെങ്കിൽ ശരിയായ മുഅ്മിനായിത്തീരുന്നതാണ്. ഇതാണ് നിബന്ധനകൾ. ഇവയിലൂടെ നടന്നാൽ ശരിയായ നിലയിൽ നിങ്ങളുടെ ഈമാനെ ഉരച്ചുനോക്കാൻ കഴിയും. എല്ലാ അഹ്മദികളിൽനിന്നും അവിടന്ന് ബയ്അത്ത് പ്രതിജ്ഞ വാങ്ങി. ബയ്അത്തിന്റെ ഈ നിബന്ധന നമ്മുടെ മുമ്പിൽവച്ചുകൊണ്ട് പ്രവർ ത്തന രൂപരേഖ നമുക്കു നല്കി. അതനുസരിച്ച് പ്രവർത്തിക്കുക യും ആ പ്രവർത്തനത്തെ എല്ലാദിവസവും എല്ലാ ആഴ്ചയും എല്ലാ മാസവും എല്ലാ വർഷവും ഒരു ആത്മപരിശോധന നടത്തുമെന്ന് ഓരോ അഹ്മദിയിൽനിന്നും പ്രതീക്ഷിക്കുകയും ചെയ്തു.

അതിനാൽ നമ്മൾ വർഷത്തിന്റെ അവസാന രാത്രിയും പുതു വർഷത്തിന്റെ ആരംഭവും ആത്മ പരിശോധനയിലൂടേയും ദുആയിലൂടേയും തുടങ്ങുകയാണെങ്കിൽ നമ്മുടെ പരലോകം സുവർണമാക്കുന്നവരാകുന്നതാണ്. നമ്മളും ബാഹ്യമായ നിലയിൽ ആശംസകൾ നേരുന്നവരും ഭൗതികമായ കാര്യങ്ങളിലൂടെ പുതു വർഷം തുടങ്ങുന്നവരുമാണെങ്കിൽ നമ്മൾ ഒരുപാട് നഷ്ടപ്പെടുത്തിയവരും ഒന്നും നേടാത്തവരുമായിത്തീരുന്നതാണ്. അല്ലെങ്കിൽ വളരെ കുറച്ച് നേടിയവരെ ആകുകയുള്ളു. ബലഹീനതകൾ അവശേഷിക്കുകയും നമ്മുടെ ആത്മപരിശോധന നമുക്ക് തൃപ്തി നല്കാത്തതാകുകയും ചെയ്യുകയാണെങ്കിൽ ഇങ്ങനെ നമ്മൾ ദുആ ചെയ്യേണ്ടതാണ്:അല്ലാഹുവേ! ഞങ്ങളുടെ വരും വർഷം കഴിഞ്ഞ വർഷത്തെ പോലെ ആത്മീയമായ ദൗർബല്യം കാണിക്കുന്നതാക്കരുതേ. മറിച്ച് ഞങ്ങളുടെ ഓരോ ചുവടും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനായി ഉയരുന്നതാക്കേണമേ. ഞങ്ങളുടെ ഓരോ ദിവസവും റസൂലുല്ലാഹി(സ)തിരുമേനിയുടെ ജീവിത മാതൃകയിലൂടെ നടക്കുന്നതാക്കേണമേ. ഞങ്ങളുടെ രാവും പകലും ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു ചെയ്ത ബയ്അത്തിന്റെ പ്രതിജ്ഞ നിറവേറ്റുന്നതിലേക്ക് കൊണ്ടുപോകുന്നതാക്കേണമേ.' ആ പ്രതിജ്ഞ ഞങ്ങളോടു ഇങ്ങനെ ചോദിക്കുന്നുണ്ട്: ശിർക്ക് ചെയ്യില്ല എന്ന് ചെയ്ത പ്രതിജ്ഞ നമ്മൾ നിറവേറ്റിയോ? ബിംബങ്ങളേയും സൂര്യചന്ദ്രനേയും പൂജിക്കുന്ന ശിർക്കല്ല, മറിച്ച് നബി(സ)തിരുമേനി പറഞ്ഞതനുസരിച്ച് കർമങ്ങളിലുള്ള പ്രദർശനപരതയുടേയും മറ്റുള്ളവരെ കാണിക്കുന്നതിനുവേണ്ടിയുള്ള കർമങ്ങളുടേയും ശിർക്കാണ്. ആ ശിർക്ക് രഹസ്യമായ ആഗ്രങ്ങളിൽ അകപ്പെട്ടുകിടക്കുന്ന ശിർക്കാണ്. നമ്മുടെ നമസ്കാരങ്ങളും നമ്മുടെ നോമ്പുകളും നമ്മുടെ ദാനധർമങ്ങളും നമ്മുടെ സാമ്പത്തിക ത്യാഗങ്ങളും നമ്മുടെ ജനസേവന പ്രവർത്തനങ്ങളും നമ്മൾ ജമാഅത്തിന്റെ പ്രവർത്തനങ്ങൾക്ക് സമയം നല്കുന്നതും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനു പകരം അന്യദൈവങ്ങളെ സന്തോഷിപ്പിക്കുന്നതിനോ ലോകത്തെ കാണിക്കുന്നതിനോ വേണ്ടിയാണോ? നമ്മുടെ മനസ്സിൽ മറഞ്ഞിരിക്കുന്ന ആഗ്രഹങ്ങൾ അല്ലാഹുവിന്നെതിരിൽ എഴുന്നേറ്റു നില്ക്കുന്നവയായിപ്പോയോ?

പിന്നീടുണ്ടാകുന്ന ചോദ്യം ഇതാണ്. നമ്മുടെ കഴിഞ്ഞ വർഷം കളവിൽനിന്നും പരിപൂർണമായും പരിശുദ്ധമായിക്കൊണ്ടും പൂർണമായും സത്യസന്ധതയിൽ നിലനിന്നുകൊണ്ടുമാണോ കഴിഞ്ഞുപോയത്? ഹദ്റത്ത് മസീഹ് മൗഊദ്(അ) അതിന് നിലവാരം നിർണയിച്ചിട്ടുള്ളത് ചൊവ്വായ സംസാരങ്ങളിൽനിന്നു തടയുന്ന ശാരീരികമായ ഇച്ഛകളിൽനിന്ന് മനുഷ്യൻ വിട്ടു നില്ക്കാത്തിടത്തോളം യഥാർഥമായ നിലയിൽ സത്യമായി സംസാരിക്കുന്നവനായി നിലകൊള്ളുന്നവനാകുകയില്ല എന്നാണ്. തന്റെ ജീവനും സമ്പത്തിനും അല്ലെങ്കിൽ അഭിമാനത്തിനും ഭീക്ഷണിയാകുന്ന നേരമാണ് സത്യം പറയുന്നതിനുള്ള ഏറ്റവും വലിയ സാഹചര്യവും സന്ദർഭവും.

പിന്നീടുണ്ടാകുന്ന ചോദ്യം ഇതാണ്. നമ്മൾ നമ്മളെ, ചീത്ത വിചാരങ്ങൾ മനസ്സിലുണ്ടാകുന്ന ആഘോഷപരിപാടികളിൽനിന്ന്, ദൂരത്താക്കി വച്ചുവോ? അതായത് ഇക്കാലത്ത് ടിവിയുണ്ട്. ഇന്റർനെറ്റുണ്ട്. അതിൽ ചിന്താഗതികളെ ദുഷിപ്പിക്കുന്നതിന് മാർഗമാകുന്ന പരിപാടികളുണ്ട്. അവയിൽനിന്ന് നമ്മൾ നമ്മെ രക്ഷിച്ചുവോ? നമ്മൾ ആ മാർഗങ്ങളിലൂടെ ചീത്ത ഫിലിമുകളും പരിപാടികളും കണ്ടുകൊണ്ടിരിക്കുകയാണെങ്കിൽ നമ്മൾ ബയ്അത്തിന്റെ പ്രതിജ്ഞകളിൽനിന്ന് അകന്നുപോയി. നമ്മുടെ അവസ്ഥ ചിന്താർഹമാണ്. കാരണം ഇക്കാര്യങ്ങൾ ഒരു വിധത്തിലുള്ള വ്യഭിചാരത്തിലേക്ക് കൊണ്ടുപോകുന്നു.

പിന്നീടുണ്ടാകുന്ന ചോദ്യം ഇതാണ്. നമ്മൾ ദുർന്നോട്ടത്തിൽ നിന്ന് നമ്മളെ രക്ഷിക്കാൻ എല്ലാവിധത്തിലും കഴിയുന്നത്ര ശ്രമം നടത്തിയോ? അല്ലെങ്കിൽ നടത്തിക്കൊണ്ടിരിക്കുന്നുണ്ടോ? കാരണം ഈ കല്പന പുരുഷന്മാർക്കും സ്ത്രീകൾക്കും ഇരുകൂട്ടർക്കുമുള്ളതാണ്. എന്തുകൊണ്ടെന്നാൽ  തുറന്ന കണ്ണുകൊണ്ട് നോക്കുന്നതിനാൽ സംഭാവ്യത ഉണ്ടാകാൻ സാധ്യതയുണ്ട്. അതുകൊണ്ട് നിങ്ങളുടെ കണ്ണുകൾ താഴോട്ടാക്കുക. ദൃഷ്ടി താഴോട്ടാക്കി പ്രവർത്തിക്കുക.

പിന്നീടുണ്ടാകുന്ന ചോദ്യം ഇതാണ്. ദുഷ്കർമങ്ങളും കുറ്റകൃത്യങ്ങളുമായ എല്ലാ കാര്യങ്ങളിൽനിന്നും നമ്മൾ നമ്മെ ഈ വർഷം രക്ഷപ്പെടുത്താൻ ശ്രമിച്ചുവോ? മുഅ്മിനെ ചീത്തവിളിക്കുന്നത് ദുഷ്കർമ്മമാണെന്ന് നബി(സ)തിരുമേനി പറയുകയുണ്ടായി. വഴക്ക് മൂത്തുനില്ക്കുന്ന നേരത്ത് മനുഷ്യൻ കഠിനമായ വാക്കുകൾ പറയുകയും ചീത്തവിളിക്കുകയും ചെയ്യാറുണ്ട്. ഒരു മുഅ്മിൻ മറ്റൊരു മുഅ്മിനോടു ഇങ്ങനെ ചെയ്യുമ്പോൾ അത് ദുഷ്കർമമാണ്. എന്നല്ല ആരോടു ചെയ്താലും ഇത് ദുഷ്കർമമാണ്.

പിന്നീടു നമ്മൾ നമ്മോടു ഇങ്ങനെ ചോദിക്കേണ്ടതാണ്. നമ്മൾ നമ്മളെ എല്ലാ വിധ അക്രമങ്ങളിൽനിന്നും നമ്മെ തടഞ്ഞു നിറുത്തിയോ? അതായത് അക്രമം ചെയ്യുന്നതിൽനിന്ന് നമ്മെ തടഞ്ഞുവോ? ആരുടെയെങ്കിലും ഒരു മുഴം സ്ഥലംപോലും അനധികൃതമായി കൈവശപ്പെടുത്തുന്നതും ആരുടെയെങ്കിലും ഒരു ചെറിയകല്ലുപോലും തെറ്റായ വഴിയിലൂടെ എടുക്കുന്നതും അക്രമമാണെന്ന് നബി(സ)തിരുമേനി പറഞ്ഞിരിക്കുന്നു.വിശ്വാസ വഞ്ചനകളിൽനിന്നും നമ്മെ ശുദ്ധമാക്കിവച്ചുവോ? നിങ്ങളോടു വിശ്വാസവഞ്ചന കാണിക്കുന്നവരോടുപോലും നിങ്ങൾ വിശ്വാസവഞ്ചന കാണിക്കരുതെന്ന് നബി(സ)തിരുമേനി പറഞ്ഞിരിക്കുന്നു.

പിന്നീടു നമ്മൾ നമ്മോടു ഇങ്ങനെ ചോദിക്കേണ്ടതാണ്. നമ്മൾ എല്ലാതരത്തിലുള്ള സമാധാനഭംഗമുണ്ടാക്കുന്നതിൽനിന്നും രക്ഷപ്പെടാൻ ശ്രമിച്ചുവോ? നമ്മൾ എല്ലാവിധത്തിലുള്ള രാജ്യദ്രോഹത്തിൽനിന്നും മാറി നിലക്കുന്നവരാണോ? നമ്മൾ ശരീരേച്ഛകൾക്ക് അടിപ്പെട്ടവരാണോ? നാലുഭാഗത്തും ലജ്ജയില്ലായ്മ വ്യാപിച്ചു നില്ക്കുന്ന ഇക്കാലത്ത് ശരീരേച്ഛകളിൽനിന്ന് രക്ഷപ്പെടുക എന്നതും ഒരു ജിഹാദാണ്. നമ്മൾ അഞ്ചുനേര നമസ്കാരം വീഴ്ചകൂടാതെ നിർവഹിച്ചിരുന്നുവോ? വർഷം മുഴുവൻ പതിവായി നമസ്കരിച്ചിരുന്നുവോ? ഇത് അല്ലാഹു വിശുദ്ധ ഖുർആനിൽ പലസ്ഥലത്തും ഉപദേശിച്ചിട്ടുള്ളതാണ്. നമസ്കാരം ഉപേക്ഷിക്കുക എന്നത് മനുഷ്യനെ ശിർക്കിന്റേയും കുഫറിന്റേയും അടുത്താക്കുമെന്ന് നബി(സ)തിരുമേനിയും പറഞ്ഞിട്ടുണ്ട്. സാധ്യമായടത്തോളം തഹജ്ജുദ് നമസ്കരിക്കാൻ നമുക്ക് ശ്രദ്ധ ഉണ്ടായിട്ടുണ്ടോ? സാധ്യമാകുന്നിടത്തോളം തഹജ്ജുദ് നമസ്കരിക്കാനും അത് പതിവായിട്ട് നിർവഹിക്കാൻ ശ്രമിക്കാനും നബി(സ)തിരുമേനി നിർദേശിച്ചിട്ടുള്ളതാണ്. ഇത് സ്വാലിഹ്മാരുടെ വഴിയാണ്. പറഞ്ഞു, ഇത് ദൈവസാമീപ്യത്തിനുള്ള മാർഗമാണ്. പറഞ്ഞു, അതിന്റെ ശീലം പാപങ്ങളിൽനിന്ന് തടയുന്നതാണ്. പറഞ്ഞു, തിന്മകൾ അവസാനിപ്പിക്കുന്നതാണ്. ശാരീരികമായ രോഗങ്ങളിൽനിന്നും അത് രക്ഷിക്കുന്നു. തിരുനബി(സ)യുടെമേൽ

പതിവായി സ്വലാത്ത് ചൊല്ലാൻ ശ്രമിച്ചിരുന്നുവോ? അല്ലെങ്കിൽ സ്വലാത്ത് ചൊല്ലുന്നുണ്ടോ?ഇതാണ് നമ്മൾ പിന്നീട് നമ്മളോടു ചോദിക്കേണ്ടത്. അത് മുഅ്മനീംകൾക്കുള്ള അല്ലാഹുവിന്റെ പ്രത്യേക കല്പനകളിൽ ഒരു കല്പനയാണ്. ഇത് ദുആ സ്വീകരിക്കപ്പെടുന്നതിനുള്ള മാർഗവുമാണ്. പതിവായിട്ട് ഇസ്തിഗ്ഫാർ ചെയ്തുകൊണ്ടിരുന്നുവോ എന്നാണ് പിന്നീട് നമ്മൾ ചോദിക്കേണ്ടത്. ആരാണോ ഇസ്തിഗ്ഫാറുമായി അള്ളിപിടിച്ചിരിക്കുന്നത് അല്ലാഹു അവനെ എല്ലാ ഞെരുക്കങ്ങളിൽനിന്നും പുറത്തുവരാനുള്ള വഴിയാക്കുന്നുവെന്ന് നബി(സ)തിരുമേനി പറയുകയുണ്ടായി. എല്ലാ ബുദ്ധിമുട്ടുകളിൽനിന്നും ഐശ്വര്യത്തിന്റെ വഴി ഉണ്ടാക്കിക്കൊടുക്കുന്നു. അവന് സങ്കല്പിക്കാൻപോലും കഴിയാത്ത വഴികളിലൂടെ രിസ്ഖ് നല്കുന്നു. അല്ലാഹുവിനെ സ്തുതിക്കുന്നതിലേക്ക് നമ്മുടെ ശ്രദ്ധയുണ്ടായിരുന്നുവോ എന്നാണ് നമ്മൾ പിന്നീട് ചോദിക്കേണ്ടത്. അല്ലാഹുവിനെ സ്തുതിക്കാതെ ആരംഭിക്കുന്ന കർമങ്ങൾ അപൂർണമായി ഇരിക്കുമെന്ന് നബി (സ)തിരുമേനി പറയുകയുണ്ടായി. അത് ബർക്കത്തില്ലാത്തതായിരിക്കും. സ്വാധീനം ചെലുത്താത്തതായിരിക്കും. നമ്മൾ നമ്മുടെ ആളുകൾക്കും അന്യർക്കും എല്ലാവർക്കും ഏതെങ്കിലും തരത്തിലുള്ള ക്ലേശവും ഉണ്ടാക്കിയിട്ടുണ്ടോ എന്നാണ് പിന്നീട് നമ്മൾ നമ്മളോടു ചോദിക്കേണ്ടത്. നമ്മുടെ കൈകളും നമ്മുടെ നാവുകളും മറ്റുള്ളവരെ ബുദ്ധിമുട്ടിക്കുന്നതിൽനിന്ന് രക്ഷപ്പെട്ടിരുന്നുവോ? നമ്മൾ വിട്ടുവീഴ്ചയോടും മാപ്പുകൊടുത്തുംകൊണ്ടുമാണോ കഴിഞ്ഞത്? വിനയവും എളിമയും നമ്മുടെ പ്രത്യേകതയായി നിലനിന്നുവോ? ദുഃഖത്തിലും സന്തോഷത്തിലും സുഖത്തിലും എല്ലാ അവസ്ഥകളിലും നമ്മൾ അല്ലാഹുവിനോടു കൂറു പുലർത്തിക്കൊണ്ടിരുന്നുവോ? എന്റെ ദുആ എന്തുകൊണ്ട് സ്വീകരിക്കപ്പെട്ടില്ല അല്ലെങ്കിൽ എന്തിന് എന്നെ ഈ ബുദ്ധിമുട്ടിൽ അകപ്പെടുത്തി എന്ന് പറഞ്ഞ് എപ്പോഴെങ്കിലും പരാതി പറഞ്ഞിട്ടുണ്ടോ? എല്ലാ തരത്തിലുള്ള ദുരാചാരങ്ങളിൽനിന്നും ദുരാഗ്രഹങ്ങളിൽനിന്നും നമ്മൾ പൂർണമായും ഒഴിഞ്ഞുനില്ക്കാൻ ശ്രമിച്ചുവോ? ഈ ദുരാചാരങ്ങളും നൂതനനടപടികളും നിങ്ങളെ വഴികേടിലേക്ക് കൊണ്ടുപോകുമെന്നും അതിൽനിന്ന് രക്ഷപ്പെട്ടുകൊള്ളുക എന്നും നബി(സ)തിരുമേനി പറയുകയുണ്ടായി. നമ്മൾ വിശുദ്ധ ഖുർആന്റേയും നബി(സ)തിരുമേനിയുടേയും കല്പനകളേയും നിർദേശങ്ങളേയും പൂർണമായനിലയിൽ സ്വായത്തമാക്കാൻ ശ്രമിച്ചുകൊണ്ടിരുന്നുവോ? അഹംഭാവവും മിഥ്യാഭിമാനവും പൂർണമായും നമ്മൾ ഉപേക്ഷിച്ചിരുന്നുവോ? അല്ലെങ്കിൽ ഉപേക്ഷിക്കാൻ ശ്രമിച്ചിരുന്നുവോ? ശിർക്കിനുശേഷം ഏറ്റവും വലിയ നാശം അഹംഭാവവും മിഥ്യാഭിമാനവുമാണ്. സൽപെരുമാറ്റത്തിന്റെ ഉന്നതനിലവാരം കരസ്ഥമാക്കാൻ നമ്മൾ ശ്രമിച്ചിരുന്നുവോ? വിനീതവും ലളിതവും സംസ്കാരസുരഭിലവും സുദരിദ്രവുമായ ജിവിതമാണോ നമ്മൾ നയിച്ചിരുന്നത്? എല്ലാ ദിവസവും നമ്മുടെ ഉള്ളിൽ ദീൻ വളരുകയും അതിന്റെ അന്തസ്സും മഹത്ത്വവും നിലനിറുത്തുന്നവരാകുകയും ചെയ്തിട്ടുണ്ടോ? ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുമെന്ന് നമ്മൾ അധികവും ചെയ്യാറുള്ള പ്രതിജ്ഞ കേവലം പൊള്ളയായ പ്രതിജ്ഞ ആയിപ്പോയിട്ടുണ്ടോ? ഇസ്‌ലാമിനോടുള്ള സ്നേഹത്തിൽ നമ്മുടെ ധനത്തെക്കാളും നമ്മുടെ മാനത്തെക്കാളും നമ്മുടെ സന്താനങ്ങളെക്കാളുമുപരിയായി അതിനെ സ്നേഹിക്കുന്നതും പ്രിയപ്പെട്ടതുമായി മനിസ്സിലാക്കാൻ ശ്രമിച്ചിട്ടുണ്ടോ? അല്ലാഹുവിന്റെ സൃഷ്ടികളോടു കൂടുതൽ സഹതാപം കാണിക്കാൻ ശ്രമിക്കുന്നവരാണോ? അല്ലെങ്കിൽ സഹതാപം കാണിച്ചുകൊണ്ടിരുന്നിട്ടുണ്ടോ? നമ്മുടെ എല്ലാ കഴിവുകളോടുംകൂടി ദൈവ സൃഷ്ടികൾക്ക് ഫലം എത്തിക്കുന്നതിന് ശ്രമിച്ചുകൊണ്ടിരുന്നിട്ടുണ്ടോ? ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അനുസരിക്കുന്നതിന്റെ നിലവാരം എപ്പോഴും നമ്മളിൽ നിലനില്ക്കാൻ ദുആ ചെയ്യുകയും അതിന് നമ്മുടെ മക്കളെ ഉപദേശിക്കുകയും ചെയ്തുകൊണ്ടിരുന്നിട്ടുണ്ടോ? നമ്മൾ എപ്പോഴും ഉന്നതനിലവാരത്തോടുകൂടി ആ മഹാത്മാവിനെ അനുസരിച്ചുകൊണ്ടിരിക്കുകയും അത് വർധിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്തിട്ടുണ്ടോ? മറ്റുള്ള എല്ലാ ബന്ധങ്ങളും ഒന്നുമല്ലാത്തതും നിസാരവും ആയിത്തീരുംവിധം ഹദ്റത്ത് മസീഹ് മൗഊദു(അ)മായിട്ടുള്ള സാഹോദര്യബന്ധവും അനുസരണവും വർധിപ്പിച്ചിട്ടുണ്ടോ? അഹ്മദിയ്യാ ഖിലാഫത്തിനോടു കൂറോടും അനുസരണത്തോടുംകൂടി നിലനില്ക്കാനും ആ ബന്ധം വർധിക്കാനും ശ്രദ്ധയുണ്ടാകുന്നതിനുവേണ്ടി ദുആ ചെയ്തുകൊണ്ടിരുന്നുവോ? കാലത്തിന്റെ ഖലീഫയ്ക്കുവേണ്ടിയും ജമാഅത്തിനുവേണ്ടിയും പതിവായി ദുആ ചെയ്തുകൊണ്ടിരുന്നുവോ?

ഇതിൽ ഭൂരിഭാഗം ചോദ്യങ്ങൾക്കും പോസിറ്റീവായിട്ടുള്ള മറുപടിയോടുകൂടിയാണ് ഈ വർഷം കഴിഞ്ഞിട്ടുള്ളതെങ്കിൽ കുറച്ചു ബലഹീനതകളുണ്ടെങ്കിൽത്തന്നെയും നമ്മൾ ഒരുപാട് നേടിയിട്ടുണ്ട്. ഇനി ഞാൻ ചോദിച്ച ഭൂരിഭാഗം ചോദ്യത്തിനുള്ള മറുപടി നെഗറ്റീവായിട്ടാണെങ്കിൽ ചിന്തിയ്ക്കേണ്ട അവസ്ഥയാണുള്ളത്. നമുക്ക് നമ്മുടെ അവസ്ഥകളിൽ ചിന്തിക്കേണ്ടതാണ്. അതിനുള്ള പരിഹാരം ഇപ്രകാരംസാധ്യമാകാവുന്നതാണ്. ഈ രാത്രികളിൽ ഇങ്ങനെ ദുആ ചെയ്യുക; ഇന്നത്തെ രാത്രിയും നാളത്തെ അവസാന രാത്രിയും. ഉറച്ച തീരുമാനമെടുക്കുകയും ഒരു പ്രതിജ്ഞ എടുക്കുകയും ചെയ്യുക. പ്രത്യേകിച്ചും പുതുവർഷത്തിന്റെ ആരംഭത്തിൽ ഇങ്ങനെ ദുആ ചെയ്യുക; അല്ലാഹു നമ്മുടെ വീഴ്ചകളും കുറവുകളും മാപ്പാക്കുമാറാകട്ടെ. പുതുവർഷത്തിൽ നമുക്ക് ഏറ്റവും കൂടുതൽ പ്രാപിക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. നമ്മൾ നഷ്ടപ്പെടുത്തുന്നവരാകാതിരിക്കട്ടെ. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനുവേണ്ടി തങ്ങളുടേതായതെല്ലാം ത്യാഗം ചെയ്യാൻ തയ്യാറായിരിക്കുന്ന മുഅ്മിനീംകളിൽ ഉൾപ്പെടുന്നവരാകട്ടെ.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു ഉദ്ധരണി സമർപിക്കുകയാണ്. അതിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)തന്റെ ജമാഅത്തിനെ ഉപദേശിച്ചിരിക്കുന്നു. ഒരു വിജ്ഞാപനത്തിന്റെ രൂപത്തിൽ അത് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. അവിടന്ന് പറഞ്ഞു: 'ഇവിടെ സന്നിഹിതരായിരിക്കുന്ന എന്റെ ജമാഅത്തിൽ പ്രവേശിച്ചിട്ടുള്ള എല്ലാവരും അല്ലെങ്കിൽ തങ്ങളുടെ വാസസ്ഥലങ്ങളിൽ വസിക്കുന്നവരും ഈ വസിയ്യത്ത് ശ്രദ്ധയോടുകൂടി കേൾക്കുക. അവർ ഈ ജമാഅത്തിൽ പ്രവേശിച്ച് എന്നോടു ഉദ്ദേശ്യത്തിന്റേയും ശിഷ്യത്വത്തിന്റേയും ബന്ധം വെച്ചു പുലർത്തുന്നവരാണ്. ഇതുകൊണ്ടുള്ള ഉദ്ദേശ്യം അവർ സദാചാരത്തോടും സൗശീല്യത്തോടും കൂടി തഖ്‌വയുടെ ഉന്നതപദവിവരെ എത്തുക എന്നതാണ്. ഒരു വഴക്കിനും ഒരു ഉപദ്രവത്തിനും ദുർന്നടപ്പിനും അവരുടെ അടുത്തു വരാൻ കഴിയരുത്. അവർ അഞ്ചുനേര നമസ്കാരം കൃത്യമായി നമസ്കരിക്കുന്നവരായിരിക്കണം. കളവ് പറയരുത്. നാവുകൊണ്ട് അവർ ആരേയും വേദനിപ്പിക്കരുത്. അവർ ഒരു തരത്തിലുള്ള ദുഷ്കർമങ്ങൾക്കും ഇരയാകരുത്. ഏതെങ്കിലും ഉപദ്രവത്തിന്റേയും അക്രമത്തിന്റേയും വഴക്കിന്റേയും

ഫിത്നയുടേയും ചിന്തപോലും മനസ്സിൽ കൊണ്ടുവരരുത്. ചുരുക്കത്തിൽ എല്ലാ തരത്തിലുമുള്ള പാപങ്ങളിൽനിന്നും കുറ്റകൃത്യങ്ങളിൽനിന്നും അനർഹമായ കാര്യങ്ങളിൽനിന്നും അവിഹിതമായ സംസാരങ്ങളിൽനിന്നും എല്ലാ വികാരാവേശങ്ങളിൽനിന്നും അനാവശ്യമായ പ്രവൃത്തികളിൽനിന്നും വിട്ടു നില്ക്കേണ്ടതാണ്. എല്ലാ തരത്തിലുമുള്ള പാപങ്ങളിൽനിന്നും തങ്ങളെ രക്ഷിച്ചുനിറുത്തുക.' പറഞ്ഞു:'അനാവശ്യമായ പ്രവൃത്തികളിൽനിന്ന് വിട്ടു നില്ക്കുക. അല്ലാഹുവിന്റെ പരിശുദ്ധ ഹൃദയരും നിരുപദ്രവകാരികളും സാധുപ്രകൃതക്കാരുമായ ദാസരാകുക. വിഷലിപ്തമായ ഒരു പുളിപ്പും അവരിൽ ഉണ്ടാകാൻ പാടില്ല. പറയുന്നു:'സകല മനുഷ്യരോടുമുള്ള സഹതാപം അവരുടെ സിദ്ധാന്തമായിരിക്കണം. അല്ലാഹുവിനെ ഭയപ്പെടണം. തങ്ങളുടെ നാവുകളേയും കൈകളേയും മനസ്സിലെ വിചാരങ്ങളേയും എല്ലാ ഓരോ അവിശുദ്ധവും ഫിത്നഉണ്ടാക്കുന്നതുമായ മാർഗങ്ങളിൽനിന്നും വിശ്വാസവഞ്ചനകളിൽനിന്നും രക്ഷിക്കുക. അഞ്ചുനേര നമസ്കാരം അങ്ങേയറ്റം ഏകാഗ്രചിത്തതയോടുകൂടി നിലനിറുത്തുക. അക്രമത്തിൽനിന്നും കൈയേറ്റത്തിൽനിന്നും കുഭകോണങ്ങളിൽ നിന്നും കൈക്കൂലികളിൽനിന്നും അവകാശങ്ങൾ ധ്വംസിക്കുന്നതിൽ നിന്നും ഏകപക്ഷീയതയിൽനിന്നും വിട്ടു നില്ക്കേണ്ടതാണ്. ഒരു ചീത്ത സംഘത്തിലും ഇരിക്കരുത്. ഒരാൾക്ക് അവരുമായി പോക്കുവരവുണ്ടെന്നും അയാൾ അല്ലാഹുവിന്റെ കല്പനകളെ പാലിക്കാത്തവനാണെന്നും അല്ലെങ്കിൽ സൃഷ്ടികളോടുള്ള കടമ നിർവഹണം വകവെക്കാത്തവനാണെന്നും അക്രമസ്വഭാവിയും ഉപദ്രവകാരിയും ദുർന്നടപ്പുകാരനുമാണെന്ന് സ്ഥാപിതമായാൽ അല്ലെങ്കിൽ ഏതൊരു വ്യക്തിയുമായിട്ടാണോ നിങ്ങൾക്ക് ബയ്അത്തിന്റെ ബന്ധമുള്ളത് അയാളെക്കുറിച്ച് അനാവശ്യമായി സംസാരിക്കുകയും കറ്റുകെട്ടി ഓരോന്നു പറഞ്ഞുകൊണ്ട് അല്ലാഹുവിന്റെ ദാസരെ വഞ്ചിക്കുകയും ചെയ്യുന്നത് അയാളെ നിങ്ങളുടെ ഇടയിൽനിന്ന് അകറ്റേണ്ടതും അത്തരം ഭയങ്കരനായ മനുഷ്യനിൽനിന്ന് വിട്ടുനില്ക്കേണ്ടതും നിർബന്ധമാണ്.'

പറഞ്ഞു:'ഈ വസ്വിയ്യത്തനുസരിച്ച് പ്രവർത്തിക്കേണ്ടത് എന്റെ ജമാഅത്തിൽപ്പെട്ട ഓരോരുത്തർക്കും നിർബന്ധമാണ്. നിങ്ങളുടെ മജ്ലിസുകളിൽ അവിശുദ്ധിയുടേയും പരിഹാസത്തിന്റേയും അപഹാസ്യത്തിന്റേയും ഒരു കാര്യവും ഉണ്ടാകാൻ പാടില്ല. സൽഹൃദയരും പരിശുദ്ധ സ്വഭാവക്കാരും വിശുദ്ധ ചിന്താഗതിക്കാരുമായി ഭൂമിയിൽ നടക്കുക.'

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ ഉപദേശവും ഈ ഉണർത്തലും മുന്നിൽവച്ചുകൊണ്ട് ജീവിക്കാൻ അല്ലാഹു നമ്മെ അനുഗ്രഹിക്കുമാറാകട്ടെ. നമ്മൾ ചെയ്തിട്ടുള്ള ബയ്അത്ത് പ്രതിജ്ഞ പൂർത്തിയാക്കുന്നവരാകട്ടെ. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നവരായി ജീവിക്കുന്നവരാകട്ടെ. നമ്മൾ നമ്മുടെ ജീവിതത്തെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആഗ്രഹമനുസരിച്ച് വാർത്തെടുത്തുകൊണ്ട് നമ്മുടെ ജീവിതത്തിന്റെ നല്ല മാതൃക ലോകരുടെ മുന്നിൽ സമർപ്പിക്കുന്നവരും പ്രകടിപ്പിക്കുന്നവരുമാകട്ടെ. അല്ലാഹു നമ്മുടെ കുറവുകൾ മറച്ചുവെച്ചുകൊണ്ട് നമുക്ക് പാരിതോഷികങ്ങൾ നല്കി അനുഗ്രഹിക്കുമാറാകട്ടെ. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിന് വിധിക്കപ്പെട്ടിട്ടുള്ള വിജയങ്ങൾ അവൻ നമുക്ക് കാണിച്ചുതരുമാറാകട്ടെ. പുതിയതായി ഉദിച്ചുയരാൻ പോകുന്ന വർഷം ബർക്കത്തുകൾ കൊണ്ടുവരുന്നതാകട്ടെ. ശത്രുക്കളുടെ ഗൂഢപദ്ധതികൾ പരാജയപ്പെടുമാറാകട്ടെ. ഇപ്രാവശ്യം ഖാദിയാനിലെ ജൽസയിൽ പോകാൻ കഴിയാത്ത പാക്കിസ്താനിലെ അഹ്മദികൾക്കുണ്ടായിട്ടുള്ള വിഷമങ്ങൾ ദൂരീകരിക്കുമാറാകട്ടെ.

അൽജീരിയായിലെ അഹ്മദികളുടെ ബുദ്ധിമുട്ടുകളും അകറ്റുമാറാകട്ടെ. അവരിൽ ചിലർക്കെതിരിലും കള്ളക്കേസ്സുകളുണ്ട്. അവർ ജയിലുകളിൽ ഇപ്പോൾ തടവുകാരായിരിക്കുകയാണ്. അല്ലാഹു അവരേയും മോചിപ്പിക്കുമാറാകട്ടെ. ശത്രുക്കൾ അതിക്രമത്തിലും അക്രമപ്രവർത്തനങ്ങളിലും മുന്നേറുമ്പോൾ നമ്മളും നമ്മുടെ അവസ്ഥകളെ അല്ലാഹുവിന്റെ തൃപ്തിക്കനുസരിച്ച് വാർത്തെടുത്ത് ദുആകളിൽ കൂടുതൽ ശക്തി ചെലുത്തേണ്ട ആവശ്യമാണുള്ളത്. അല്ലാഹു നമുക്കതിനു തൗഫീഖ് നല്കുമാറാകട്ടെ.

Friday Sermon delivered by **Hadrath Khaleefathul Masih Al-khamis** (atba)
at Baithul Futuh,London – on 30.12.16
Malayalam Translation : **Moulvi Mohammed Ismail Alleppey**, For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516

If Undelivered Please Return To
Ahmadiyya Muslim Jama'at
Baithul Quddoos, G.H.Road
Calicut - 673001,Kerala